കോവിഡ് 19 പ്രവർത്തനങ്ങൾ

തലവൂർ സി ഡി എസ്

പത്തനാപുരം ബ്ലോക്കിന്റെ കീഴിൽ വരുന്ന 20 വാർഡ് ഉൾകൊള്ളുന്ന തലവൂർ പഞ്ചായത്തിന് ഒട്ടേറെ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കാൻ സാധിച്ചിട്ടുണ്ട്..നമ്മൾ നേരിട്ടുകൊണ്ടിരിക്കുന്ന മഹാമാരിയായ കോവിഡിന്റെ പശ്ചാത്തലത്തിൽ ഏറ്റവും സ്തുത്യർഹമായ സേവനമാണ് ഈ പഞ്ചായത്ത് നടത്തിയത്.. മാസ്കുകൾ വിതരണം ചെയ്തും കമ്മ്യൂണിറ്റി കിച്ചൻ വഴി സൗജന്യ ഭക്ഷണം വിതരണം ചെയ്തും ജനങ്ങൾക്ക് മികച്ച പരിരക്ഷ ഉറപ്പു വരുത്തുന്നതിൽ ഈ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കഴിഞ്ഞു.. ഇതിൽ ഒരു മികച്ച പങ്കു വഹിച്ചത് കുടുംബശ്രീ സംവിധാനം ആണെന്ന് അഭിമാനത്തോടെ പറയാം.

കോവിഡ് 19 പ്രധാന പ്രവർത്തനങ്ങൾ

കുടുംബശ്രീയുടെ പ്രവർത്തനത്തിൽ ഏറ്റവും ആദ്യം പറയേണ്ടത് കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം ആണ്. കോവിഡിന്റെ സമയത്തു ഭക്ഷണം ഇല്ലാതെ ബുദ്ധിമുട്ടിയ 150 പേർക്കോളം ഭക്ഷണപ്പൊതി വിതരണം ചെയ്യാൻ കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിച്ച 'കുടുംബശ്രീ ഹോട്ടൽ 'സംരംഭത്തിന് സാധിച്ചു. മാർച്ച് 27 നു തലവൂർ

ആയിരുന്നു. കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചിരുന്നത്... ഏപ്രിൽ 30 നു ഈ പ്രവർത്തനം അവസാനിച്ചു.. ഈ സമയത്ത് 2252 സൗജന്യ ഭക്ഷണപൊതികൾഈ സംരംഭത്തിന് നൽകാൻ കഴിഞ്ഞു.. ഓരോ വാർഡിൽ

നിന്നുമുള്ള കുടുംബശ്രീ പ്രവർത്തകർ ഓരോ ദിവസവും കമ്മ്യൂണിറ്റി കിച്ചണനിന്റെ നേതൃത്വം ഏറ്റെടുത്തു എന്നത് അഭിമാനകരമായ വസ്തുതയാണ്..





മാസ്ക് വിതരണം

ഓരോ വാർഡിലെയും വീടുകളിൽ സൗജന്യമായി മാസ്ക് വിതരണം നടത്താൻ കുടുംബശ്രീ പ്രവർത്തകർ പരിശ്രമിച്ചു.. കുടുംബശ്രീ സംരംഭക മാസ്കുകൾ തയ്ച നൽകി.. കൂടാതെ സപ്ലൈ കൊയിലേക്കു തുണി സഞ്ചി തയ്ച്ചു നല്കാനും ഈ കുടുംബശ്രീ സംരംഭങ്ങൾക്ക് കഴിഞ്ഞു...



സൗജന്യകിറ്റ് വിതരണം



ഈ പ്രദേശത്തെ കോളനികൾ കേന്ദ്രമാക്കി സൗജന്യ കിറ്റ് വിതരണം നടത്താൻ ഈ പഞ്ചായത്തിന് കഴിഞ്ഞു.. സി ഡി എസ്, എ ഡി എസ് അംഗങ്ങൾ പങ്കെടുത്തു..

വയോജന ആശ്രയ അംഗങ്ങളുടെ വീട് സന്ദർശനം

70 വയോജന അംഗങ്ങളുടെ വീടുകൾ കുടുംബശ്രീ പ്രവർത്തകർ സന്ദർശിച്ചു സർവ്വേ നടത്തി പഞ്ചായത്തിന് വിവരങ്ങൾ കൈമാറി... അത്യാവശ്യം സഹായങ്ങൾ എത്തിച്ചു.. ആശ്രയകുടുംബാങ്ങങ്ങളെയും സന്ദർശിച്ചു വിവരശേഖരണം നടത്തി..



ജെ എൽ ജി

ജെ എൽ ജി അംഗങ്ങൾ പച്ചക്കറി കമ്മ്യൂണിറ്റി കിച്ചണിലേക്കു വിതരണം ചെയ്തു സഹായിച്ചത്... ഈ കാലയളവിൽ ഇത്രയും പ്രവർത്തനം ചെയ്യാൻ സാധിച്ചത് എല്ലാവരുടെയും കൂട്ടായ പ്രവർത്തനമാണ്.

ജനകീയ ഹോട്ടൽ ആണ് കുടുംബശ്രീ യുടെ ഭാവി പ്രവർത്തനത്തിലെ ഏറ്റവും നിർണായമായ ചുവടുവയ്പ്പ്..പഞ്ചായത്തിന്റെ പൂർണ്ണ പിന്തുണയോടെ ആരംഭിക്കാൻ എല്ലാ നടപടികളും നടന്നു വരുന്നു. എത്രയും പെട്ടെന്ന് തലവൂർ പഞ്ചായത്ത് സിഡിഎസ് ഈ ഹോട്ടൽ രൂപീകരിക്കും...

ലാലമ്മ സതീഷ്

പത്തനാപുരം ബി സി